# കാടിന്റെ വിളി

■ ഹന്ന സിത്താര വാഹിദ്

കൂട്ടുകാർ ജാക്ക് ലണ്ടനെ കുറിച്ച് കേട്ടിട്ടുണ്ടോ.. പ്രശസ്തനായ അമേരിക്കൻ സാഹിത്യകാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ യഥാർത്ഥ പേര് ജോൺ ഗ്രിഫിത്ത് എന്നായിരുന്നു. 1876-ലാണ് ജനനം. ചെറുപ്പത്തിൽ വളരെ ദാരിദ്ര്യത്തിലായിരുന്നു ജാക്ക് ലണ്ടൻ ജീവിച്ചത്.

ഒരിക്കൽ സ്വർണം അന്വേഷിച്ചിറങ്ങിയ സംഘത്തിന്റെ കൂടെ യാത്രപോയി. ഒരുപാട് അനുഭവങ്ങളാണ് ആ യാത്ര അദ്ദേഹത്തിന് സമ്മാനിച്ചത്. അതിന്റെ പശ്ചാത്തലത്തിൽ എഴുതിയ നോവലാണ് 'കാടിന്റെ വിളി' (Call of Wild).




ബക്ക് എന്ന നായയാണ് നോവലിലെ പ്രധാന കഥാപാത്രം. ജഡ്ജ് മില്ലറിന്റെ കുടുംബത്തിൽ വളരെ സുഖമായാണ് ബക്ക് വളർന്നത്. എന്നാൽ ഒരു ദിവസം തോട്ടപ്പണിക്കാരനായ മാനുവൽ, ബക്കിനെ മോഷ്ടിച്ചു കൊണ്ടുപോയി കനേഡിയക്കാർക്ക് വിൽക്കുന്നു. അവർ ബക്കിനെ അവിടത്തേതായ ചില രീതികളും സ്വഭാവങ്ങളുമെല്ലാം പഠിപ്പിക്കുന്നു. മഞ്ഞുവണ്ടി വലിക്കാൻ പരിശീലിപ്പിക്കുന്നു. വന്യമായ സ്വഭാവം അവൻ പഠിക്കുന്നു.

വണ്ടി വലിക്കുന്ന ജോലിയിൽ ബക്ക് അവന്റെ കഴിവ് തെളിയിച്ചു. അവൻ നായകളുടെ നേതാവായി. പലരും അവനെ വിൽക്കുകയും വാങ്ങുകയും ചെയ്തു. ചിലരൊക്കെ ദുഷ്ടരായിരുന്നു. വളരെ മോശമായാണ് അവർ അവനെ പരിചരിച്ചതും അവനോട് ഇടപഴകിയതും. വേണ്ടത്ര ഭക്ഷണമോ വിശ്രമമോ നൽകാതെ അവനെ കഷ്ടപ്പെടുത്തി. എന്നാൽ ഒടുവിൽ അവനെ വാങ്ങിയ ജോൺ തോൺടൺ എന്നയാൾ നല്ല മനുഷ്യനായിരുന്നു.



ജാക്ക്ലണ്ടൻ

സ്വർണം തേടിയുള്ള തോൺടന്റെ കൂടെയുള്ള യാത്ര ബക്കിന് നല്ല സന്തോഷം നൽകി.

ഇടക്ക് ബക്ക് ഉൾക്കാട്ടിലൂടെ അലഞ്ഞ് നടക്കാറുണ്ട്. ഒരു ദിവസം കാട്ടിൽ നിന്ന് തിരിച്ചെത്തിയപ്പോൾ തോൺടണും കൂടെയുള്ളവരും കൊല്ലപ്പെട്ടത് കണ്ടു. ഗോത്രവർഗക്കാർ കൊന്നതായിരുന്നു അവരെ. ഈ ക്രൂരത ചെയ്തവരെ ബക്ക് ആക്രമിച്ചു. ശേഷം സങ്കടത്തോടെ യജമാനന്റെ മൃതദേഹത്തിന് അടുത്തിരുന്നു.

ശേഷം അവൻ കാട്ടിലേക്ക് പോവുകയും അവിടത്തെ നായകളുടെ നേതാവാവുകയും ചെയ്യുന്നതാണ് കഥ.

പൈലറ്റ് ലൈസൻസ് ലഭിച്ച ആദ്യ ഇന്ത്യൻ വനിത– ഊർമിള. കെ. പരീഖ്